NWMi
network of women in media, India

2022 ജനുവരി-26--ന് സ്ക്രോളിൽ പ്രസിദ്ധീകരിച്ച, 'കാശ്മീരിലെ അർദ്ധ വിധവകൾ' എന്ന റിപ്പോർട്ടിന് കശ്മീരി ജേർണലിസ്റ്റ് സഫീന നബിക്ക്  നിങ്ങൾ പ്രഖ്യാപിച്ച മാധ്യമ അവാർഡ് റദ്ദാക്കിയതിനെ നെറ്റ്‌വർക്ക് ഓഫ് വിമൻ ഇൻ മീഡിയ, അപലപിക്കുന്നു. 'സമൂഹത്തിൽ സഹാനുഭൂതിയും പരസ്പര ധാരണയും വിവിധ ധാരകളെ ഉൾക്കൊള്ളലും പ്രോത്സാഹിപ്പിച്ച പത്രപ്രവർത്തനം' എന്ന വിഭാഗത്തിലായിരുന്നു സഫീനക്ക് പുരസ്കാരം പ്രഖ്യാപിച്ചത്.
 എൻ.ഡബ്ലിയു.എം.ഐ അംഗം കൂടിയാണ് സഫീന നബി. മതിയായ ആശയവിനിമയം പോലുമില്ലാതെ, തിരിച്ചും അപമര്യാദയോടെയുള്ള, സർവ്വകലാശാലയുടെ ഈ പുരസ്കാര റദ്ദാക്കൽ നടപടിയും മാധ്യമസ്വാതന്ത്ര്യത്തോടുള്ള പ്രതിബദ്ധതയില്ലായ്മയും നിരാശാജനകമാണ്.

ഭർത്താക്കന്മാരുടെ തിരോധാനത്തിന് പതിറ്റാണ്ടുകൾക്ക് ശേഷവും സ്വത്തവകാശം നിഷേധിക്കപ്പെടുന്ന കാശ്മീരിലെ 'അർദ്ധ വിധവകളുടെ' ദീർഘകാല ദുരവസ്ഥയാണ് സഫീന നബിയുടെ റിപ്പോർട്ട് പുറത്തുകൊണ്ടുവന്നത്. സബീനയുടെ പത്രപ്രവർത്തന മിടുക്കും വിശ്വാസ്യതയും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

 തീവ്ര കലാപ ബാധിത മേഖലകളിൽ നിന്നുള്ള വാർത്തകൾ പുറത്ത് വരേണ്ടതിന്റെ നിർണായകമായ പ്രാധാന്യത്തെ നിങ്ങളുടെ സ്ഥാപനം അംഗീകരിക്കുന്നതിന്റെ സൂചനയായി വേണം ഈ പുരസ്കാരത്തെ സാധാരണ ഗതിയിൽ മനസിലാക്കാൻ. എന്നാൽ ആ ഉത്തരവാദിത്തത്തിൽ നിന്ന് പിന്മാറുക വഴി ഏത് തരം മാധ്യമ വിദ്യാഭ്യാസത്തിന് വേണ്ടിയാണ് നിങ്ങൾ നിലകൊള്ളുന്നത് എന്ന ദയനീയമായ ചിത്രമാണ് തെളിയുന്നത്.

സഫീന നബിക്ക് ഞങ്ങൾ സർവ്വ പിന്തുണയും നൽകുന്നു. യോഗ്യതയെ അംഗീകരിച്ചുകൊണ്ട് ഈ പുരസ്കാരം റദ്ദാക്കാനുള്ള തീരുമാനത്തിൽ നിന്ന് പിൻമാറണമെന്ന് ഞങ്ങൾ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു. ആ പുരസ്കാരവും നിങ്ങളുടെ ഭാഗത്ത് നിന്നുള്ള പരസ്യമായ മാപ്പപേക്ഷയും സഫീന നബി പൂർണ്ണമായും അർഹിക്കുന്നുണ്ട്.

നെറ്റ്‌വർക്ക് ഓഫ് വുമെൺ ഇൻ മീഡിയ, ഇന്ത്യ.